# കണ്ണെഴുതിച്ചും പൊട്ടുംതൊടീച്ചും...

**സുകന്യ**

**പ**രസ്യം വിപണിയെ നിയന്ത്രിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഓരോ മാസവും ലക്ഷക്കണക്കിനു രൂപ പരസ്യങ്ങൾക്കായി നീക്കിവയ്ക്കുന്ന എത്രയോ തുണിക്കടകളും ആഭരണക്കടകളും കേരളത്തിലുണ്ട്. അതിൽ ഒരു പരസ്യം വേണ്ടെന്നു വെച്ചാൽ മതി, ആ കടകളിൽ നില്ക്കുന്ന സെയിൽസ് ഗേൾസിന് ഇപ്പോൾ നല്കുന്ന തുച്ഛമായ വേതനം ഇരട്ടിയാക്കി നല്കാം. പക്ഷെ, പരസ്യയിനത്തിൽ ദശലക്ഷങ്ങൾ മുടക്കുന്നവർക്കു പോലും ഇവരുടെ ശമ്പളത്തിൽ നൂറു രൂപ കൂട്ടാൻ തോന്നാറില്ല.

അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യമില്ല, തൊഴിലിന് സുരക്ഷിതത്വമില്ല, ന്യായമായ വേതനമില്ല എന്നിവയ്ക്കെല്ലാം പുറമേ മാന്യമല്ലാത്ത പെരുമാറ്റങ്ങളും പലപ്പോഴും സ്ത്രീ ജീവനക്കാർ നേരിടേണ്ടി വരുന്നു. തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി, ഒരു പരിധി വരെ ഇത്തരം പെരുമാറ്റങ്ങൾക്ക് ഇരയായി നിന്നുകൊടുക്കാനും ഈ കുട്ടികൾ തയാറാകേണ്ടി വരുന്നു. പെട്ടെന്നു വ്യാപിച്ചുവന്ന, സ്ത്രീകൾക്ക് ധാരാളമായി തൊഴിൽ നല്കിയിരുന്ന, ഹോം നഴ്സിംഗ് മേഖല, അവയുടെ നടത്തിപ്പുകാർ നടത്തിയ മാന്യമല്ലാത്ത നടപടികൾ മൂലം ഇന്നൊരു തകർച്ചയെ നേരിടുകയാണ് എന്നത് ഇതിനൊരു ഉദാഹരണമാണ്.

'കുറഞ്ഞ വേതനത്തിന് ഉയർന്ന സേവനം' തരപ്പെടുത്താവുന്ന തരത്തിൽ, പുതിയൊരു ചീപ്പ് ലേബർ ഫോഴ്സ് (കുറഞ്ഞ കൂലിക്ക് പണി ചെയ്യാൻ തയാറുള്ള തൊഴിലാളികൾ) സ്ത്രീ തൊഴിലാളികളുടെ രൂപത്തിൽ കേരളത്തിൽ ഉരുത്തിരിഞ്ഞുവന്നതിൽ വ്യാപാരി വ്യവസായി സമൂഹം സന്തുഷ്ടരാണിന്ന്. പുരുഷന്മാർ കുത്തകയാക്കി വച്ചിരുന്ന മേഖലകളിലൊക്കെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും പരിശീലനത്തിനുശേഷം തൊഴിലും വാഗ്ദാനം ചെയ്തുകൊണ്ടു പുതിയ പുതിയ പരസ്യങ്ങൾ പത്രത്തിൽ കാണുമ്പോൾ അത്രയൊന്നും ആഹ്ലാദിക്കാനില്ലെന്നാണ് തോന്നുന്നത്. വിജയിക്കുന്നത് സ്ത്രീശക്തിയല്ല;കച്ചവടതാത്പര്യങ്ങളും അവരുടെ ലാഭക്കണ്ണും കുതന്ത്രങ്ങളുമാണ്. കൺമഷി വാങ്ങാനും ചാന്തു വാങ്ങാനും മാത്രം തികയുന്ന ഒരു ചെറിയ പ്രതിഫലം നല്കി പെൺകുട്ടികളെ സെയിൽസ് ഗേളുകളാക്കി മാറ്റുമ്പോൾ കേരളത്തിന്റെ സംഘടിത തൊഴിലാളി വർഗ പാരമ്പര്യത്തെയാണ് അവർ കുപ്പിയിലാക്കുന്നത്.

കണ്ണെഴുതി പൊട്ടുംതൊട്ട് എന്ന കഴിഞ്ഞ ലക്കത്തിലെ കുറിപ്പ് കേരളത്തിലെ ഒരു സമകാലിക പ്രവണതയെ വെളിച്ചത്തുകൊണ്ടുവരുന്നുണ്ടെങ്കിലും പ്രശ്നത്തിലെ പലമുഖങ്ങളും അവഗണിക്കുന്നതും തെറ്റിദ്ധാരണ ഉണ്ടാക്കുന്നതുമായ ഒന്നാണ്.

പുരുഷന്മാരുമായി തൊഴിലിനു വേണ്ടി മത്സരിച്ച്, മത്സരത്തിൽ സ്വന്തം കഴിവുകൾകൊണ്ട് പുരുഷന്മാരെ കീഴ്പ്പെടുത്തി, പുരുഷന്മാർ വ്യാപകമായി വിഹരിച്ചിരുന്ന തൊഴിൽ മേഖകളിൽ പോലും അവരെ പുറത്താക്കി സ്ത്രീകൾ കടന്നു കയറുന്നു എന്ന തോന്നലാണ് ലേഖനം ഉണ്ടാക്കുന്നത്. പക്ഷെ, വാസ്തവമെന്താണ്?

ഇന്ത്യയിൽ ഏറ്റവും ശക്തമായ തൊഴിലാളി പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും നിലനില്ക്കുന്ന പ്രദേശമാണ് കേരളം. അസംഘടിതരായ തൊഴിലാളികളുള്ള തൊഴിൽ മേഖലകൾ ഇവിടെ ഉണ്ടായിരുന്നതേയില്ല. ചെയ്യുന്ന പണിക്ക് ന്യായമായ പ്രതിഫലം കിട്ടാൻ വേണ്ടി അവർ നിരന്തര സമരം നടത്തിയിരുന്നു. ഇത്തരത്തിൽ സംഘടിതവും ശക്തവുമായ കേരളത്തിലെ തൊഴിൽ മേഖലയെ അസംഘടിതവും ദുർബലവുമാക്കി തീർക്കാനുള്ള വ്യാപാരി വ്യവസായി സമൂഹത്തിന്റെ സംഘടിത ശ്രമങ്ങളുടെ ഭാഗമാണ് സ്ത്രീകൾക്ക് ധാരാളമായി തൊഴിൽ ലഭിക്കുന്ന സാഹചര്യത്തിനു പിന്നിലുള്ളത്.

'സംഘടയുണ്ടാക്കാനും സമരം നടത്താനുമൊക്കെ തുനിഞ്ഞാൽ പറഞ്ഞുവിടും കേട്ടോ' എന്ന ഉപദേശം നല്കിയാണ് തൊഴിലുടമ ഓരോ സ്ത്രീക്കും ജോലി നല്കുന്നത്. അതുകൊണ്ടു തന്നെ സ്ത്രീകൾ വ്യാപകമായി ഏർപ്പെട്ടുവരുന്ന തൊഴിലുകളിലൊന്നും സംഘടനകളില്ല, വില പേശലുകളില്ല. അച്ചടക്കവും അനുസരണവും മാത്രേയുള്ളു

---

**ഇവരെ സംഘടിപ്പിക്കാനാരുമില്ലേ?**

സെയിൽസ് ഗേൾസിന്റെ ലോകത്തെക്കുറിച്ചുള്ള ഫീച്ചർ- അടുത്ത ലക്കം പ്രതീക്ഷിക്കുക.

തയ്യാറാക്കിയത്: കെ.എസ്. പ്രമോദ്, പി.പ്രബീഷ്.

KINDLY CONTACT FOR SUPERIOR QUALITY & WITH LATEST COMPUTERISED ASSISTANCE

✫ IN DESIGINING/ART WORK/ COLOR SEPARATION (COREL DRAW/ PAGE MAKER/ PHOTOSHOP ETC.) ✫IN SCREEN PRINTING/ AND ALLIED JOBS ✫ IN SUPPLY OF ELEGANT AND GOOD QUALITY PAPER BAGS ✫ IN MEDIA AND OTHER ADVERTISEMENTS ✫ IN